# വിജയപഥം
# കൊട്ടാരക്കര വിദ്യാഭ്യാസ ജില്ല

**QP 02 ML10** SSLC PRE MODEL EXAMINATION 2022 – 23

**Class : 10** മലയാളം

അടിസ്ഥാനപാഠാവലി **TIME :11/2hr**

**Mark : 40**

പൊതു നിർദ്ദേശങ്ങൾ

ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.

ചോദ്യങ്ങൾ ശരിയായി വായിച്ച് മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.

ഉത്തരമെഴുതുമ്പോൾ സ്കോർ ,സമയം എന്നിവ പരിഗണിക്കണം.

---

(1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ഉത്തരം എഴുതുക)

( ഓരോന്നിനും 1 സ്കോർ ) 4x1=4

1. ഏതോ ദിശയിൽ നിന്നടിച്ചെത്തിയ <u>കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ</u> പാറിപ്പോയിരിക്കുന്നു. അടിവരയിട്ട പദങ്ങൾ സൂചിപ്പിക്കുന്ന അർത്ഥം.

(ബഹളം, മരണം, നിശ്ശബ്ദത, ദുഃഖം)

2. അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ് എപ്പോൾ?

. അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ചപ്പോൾ

.സൂചി കുത്തിയ ഓർമ്മ വന്നപ്പോൾ

. പഴയ ആശുപത്രി ഓർമ്മയിലെത്തിയപ്പോൾ

.അമ്മയെ ഉപേക്ഷിക്കാൻ കഴിയാത്തതിനാൽ വിഷമിച്ചപ്പോൾ

3.കവികളായവരെല്ലാം നാട്ടിൻപുറത്ത് ഏതെങ്കിലും കൊതിയസമാജത്തിൽ അംഗങ്ങൾ ആയിരിക്കണം.

കൊതിയ സമാജം എന്ന വാക്ക് വിഗ്രഹിക്കുമ്പോൾ

(കൊതി പൂണ്ട സമാജം,കൊതിയുള്ള സമാജം,കൊതിയരുടെ സമാജം,കൊതിയാലുള്ള സമാജം)

4.കോഴിയും കിഴവിയും എന്ന കഥയിലെ കിഴവി എന്തിന്റെ പ്രതീകമാണ്?

(സമ്പത്തിന്റെ,വാർധക്യത്തിന്റെ,മൂല്യങ്ങളുടെ,ഗ്രാമത്തിന്റെ)

5.. അമ്മയുടേതാ മെഴുത്തുകളൊക്കെയും അമ്മയായി ത്തന്നെയൊതുങ്ങിയിരിക്കട്ടെ-

ഈ വരികളുടെ ആശയവുമായി പൊരുത്തപ്പെടുന്ന സൂചന ഏതാണ്?

.അമ്മയെ ക്കുറിച്ചുള്ള ഓർമ്മകൾ പ്രിയങ്കരമായിത്തന്നെ ഇരിക്കട്ടെ

. അമ്മയുടെ എഴുത്തുകൾ ചില്ലലമാരയിൽ തന്നെ ഇരിക്കട്ടെ

. അമ്മയുടെ എഴുത്തുകൾ അമ്മ തന്നെയാണ്

. അമ്മയും മാതൃഭാഷയും ഒന്നാണ്.

6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക(2 സ്കോർ)

6. "നമ്മുടെ വേരുകളും അമ്മയായ ഈ ഭൂമിയിൽ തന്നെ"- വേരുകൾ എന്നതിന്റെ അർഥവ്യാപ്തി രണ്ടോ മൂന്നോ വാക്യത്തിലെഴുതുക.

7.അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണു നിറയാത്തത് കണ്ണിൽ ക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്. ഈ പ്രസ്താവനയുമായി ബന്ധപ്പെട്ട സൂചനകൾ രണ്ടെണ്ണം കുറിക്കുക.

8."പത്രമെന്ന വിരോധാഭാസം ഇതത്രേ" പത്രം വിരോധാഭാസമാകുന്നതെങ്ങനെ? കാരണങ്ങൾ കുറിക്കുക.

9 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് മാത്രം ഉത്തരം എഴുതുക

(അരപ്പുറം വീതം .ഓരോന്നിനും 4 സ്കോർ ) 4x5=20

9. " തമ്പ്രാ, ഏനു നെല്ലു കൂലി മതി. ചക്രം മേണ്ട."

* രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?

* ''എന്തിനായിത്? നാഴി അരി അല്ല്യോ മച്ചൊള്ളൂ. നീ കുടി."

* അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.മുകളിൽ കൊടുത്ത സൂചനകളും പാഠഭാഗത്തെ ഉചിതമായ സന്ദർഭങ്ങളും പരിഗണിച്ച് കോരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

10.വൃദ്ധ മുത്തശ്ശി യുടെ നിബിഡവും ശ്യാമളവുമായ തലമുടി.... ഇതു പോലെ സചേതനമായ മാനുഷിക ഭാവങ്ങൾ ആവിഷ്കരിക്കുന്ന

KTR EDN DIST

സമാനമായ രണ്ട് ഭാഗങ്ങൾ"കൊച്ചു ചക്കരച്ചി"യിൽ നിന്നും കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11.നീളും മലയുടെ ചങ്ങല വട്ടയിൽ
നാളും പാടല വിരലാൽ നീട്ടിയു–
മോമൽ കവിള് തുടുത്തും തെല്ലൊരു
നാണത്തോടെ പരുങ്ങിയൊരുങ്ങിട്ടു
മോണക്കോടിയുടുത്തൊരുഷസ്സേ "ഈ വരികളിലെ കാവ്യഭംഗി കണ്ടെത്തുക.

12.മനുഷ്യ നന്മകൾ വെളിപ്പെടുന്ന ഒട്ടേറെ സന്ദർഭങ്ങൾ 'കോഴിയും കിഴവിയും' എന്ന കഥയിലുണ്ട്. ഇത്തരം മുഹൂർത്തങ്ങൾ കണ്ടെത്തി 'സ്നേഹബന്ധങ്ങളാണ് ജീവിതത്തിന്റെ നിലനിൽപ്പിന്നാധാരം' എന്ന വിഷയത്തിൽ ലഘു കുറിപ്പ് എഴുതുക.

13.വഴിവക്കിൽ തള്ളി മക്കൾ കടന്നു കളഞ്ഞു ഓർമ്മ നഷ്ടമായ ആയമ്മ .... ഓടിക്കൂടിയവരോട് സ്വന്തം പേരു മാത്രം ആവർത്തിച്ചു.... മലയാളം''.... മലയാളം ...'' ' (അമ്മ– സോമൻ കടലൂർ) അമ്മത്തൊട്ടിൽ, അമ്മയുടെ എഴുത്തുകൾ എന്നീ കവിതകളിലെ പ്രമേയവുമായി ബന്ധിപ്പിച്ച് മുകളിൽ കൊടുത്തിരിക്കുന്ന വരികൾ താരതമ്യം ചെയ്ത് ലഘുക്കുറിപ്പ് തയ്യാറാക്കുക.

14."സത്യം കണ്ടു പിടിക്കാൻ പല അടവുകളും നോക്കേണ്ടി വരും; ഊണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും." സുകുമാർ അഴീക്കോടിന്റെ (പത്രനീതി) ഈ അഭിപ്രായത്തെ വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.

(ഒരു പുറം വീതം. ഓരോന്നിനും 6 സ്കോർ ) 6 x 2 = 12

15. കുടുംബ ബന്ധങ്ങളുടെ ആഴവും ദൃഢതയും വ്യക്തമാക്കുന്നതാണ് ഓരോ വിളിയും കാത്ത് എന്ന കഥ' ദൃഢമായ സ്നേഹ ബന്ധത്തിന്റെ അകം പുറ കാഴ്ചകളാണ് ഈ കഥ. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക

16. ഇതൊക്കെ കുട്ട്യോളെപ്പോലെ നോക്കേണ്ട സാധനങ്ങളാണേ, റേഡിയോയുടെ പിന്നാല് ഒരു കുട്ടീടെ പടം' – –റേഡിയോ സജീവ കഥാപാത്രമാകുന്ന കഥയാണ് പണയം' കേൾവിയുടെ കല കൂടിയാണ് കഥാകൃത്ത് ഇവിടെ വ്യക്തമാക്കുന്നത് കഥാസന്ദർഭങ്ങൾ പരിശോധിച്ച് വിശദമാക്കുക?

17. കേരളം ഒരു ഭ്രാന്താലയം" ––സ്വാമി വിവേകാനന്ദൻ

*"തൊട്ടു കൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ"_ കുമാരനാശാൻ

*ജാതിപ്പിശാചിനെ ഉന്മൂലനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച മഹാനാണ് ശ്രീനാരായണ ഗുരു"– കുറ്റിപ്പുഴ കൃഷ്ണപിള്ള

മുകളിൽ നല്കിയ സൂചനകൾ വിശകലനം ചെയ്ത് 'ശ്രീനാരായണ ഗുരു കേരള നവോത്ഥാന നായകൻ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക.

KTR EDN DIST